സ്വകാര്യപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികൾ

| പദ്ധതിയുടെ പേര് | ഏറ്റെടുത്തു നടത്തുന്ന കമ്പനിയുടെ പേര് |
|---|---|
| 1. കുത്തുങ്കൽ (21 മെ.വാ) | - ഇൻഡ്സിൽ |
| 2. ഭൂതത്താൻകെട്ട് (16 മെ.വാ) | - സിൽക്കാർ മെറ്റലർജിക് ലിമിറ്റഡ് |
| 3. ഉള്ളുങ്കൽ (7 മെ.വാ) | - റ്റെസിൽ |
| 4. കാരിക്കയം (15 മെ.വാ) | - റ്റെസിൽ |

(ഇ) 12/98-ൽ 34 പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്നത് പരസ്യപ്പെടുത്തിയതിനെത്തുടർന്ന് എട്ട് പദ്ധതികൾക്കായി അഞ്ചു സ്വകാര്യ കമ്പനികൾ അപേക്ഷിക്കുകയുണ്ടായി. ഈ അപേക്ഷകൾ പരിഗണിച്ചു വരികയാണ്.

## സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുദ്ദേശിച്ച് സഹകരണ അക്കാദമി

13 (*343) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുദ്ദേശിച്ച് സഹകരണ അക്കാദമി സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) അതിനായി എത്ര തുക സ്വരൂപിച്ചിട്ടുണ്ട് ; എവിടെ നിന്നെല്ലാം ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ധനശേഖരണം നടത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ നിയമത്തിലെ ഏത് വ്യവസ്ഥകൾ പ്രകാരമാണ് അത്തരത്തിൽ ധനശേഖരണം നടത്തിയത് ;

(ഇ) സഹകരണ അക്കാദമിക്ക് പണം നൽകാൻ ആവശ്യപ്പെട്ട ഗവൺമെന്റ് ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) പൊതുനന്മ ഫണ്ടിൽ നിന്നും ഇത്തരത്തിൽ തുക നൽകുന്നതിന് ഓരോ സ്ഥാപനത്തിന്റെയും ബൈലാ അനുവദിക്കുന്നുണ്ടോ ;

(ജി) ബൈലാ പ്രകാരം അനുവദിക്കാനാവാത്ത അത്ര വലിയ തുക ഏതെങ്കിലും സഹകരണസ്ഥാപനം അക്കാദമിക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(എച്ച്) പൊതുനന്മ ഫണ്ടിൽ നിന്നും വലിയ തുക നൽകുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി ആവശ്യമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) എങ്കിൽ ഡയറക്ടർ ബോർഡിന്റെ അനുമതി ഇല്ലാതെ ഏതെങ്കിലും സഹകരണ സ്ഥാപനം അക്കാദമിക്ക് പണം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സഹകരണ അക്കാദമിയുടെ പ്രവർത്തനത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 476 ലക്ഷം രൂപ സ്വരൂപിച്ചിട്ടുണ്ട്.

| | |
|---|---|
| 1. സംസ്ഥാന സഹകരണബാങ്ക് | - 100 ലക്ഷം രൂപ |
| 2. എറണാകുളം ജില്ലാ സഹകരണബാങ്ക് | - 75 ലക്ഷം രൂപ |
| 3. തിരുവനന്തപുരം ജില്ലാസഹകരണബാങ്ക് | - 75 ലക്ഷം രൂപ |
| 4. കൊല്ലം ജില്ലാസഹകരണ ബാങ്ക് | - 50 ലക്ഷം രൂപ |
| 5. ആലപ്പുഴ ജില്ലാ സഹകരണബാങ്ക് | - 75 ലക്ഷം രൂപ |
| 6. കോഴിക്കോട് ജില്ലാ സഹകരണബാങ്ക് | - 50 ലക്ഷം രൂപ |
| 7. പാലക്കാട് ജില്ലാ സഹകരണബാങ്ക് | - 50 ലക്ഷംരൂപ |
| 8. പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് | - 1 ലക്ഷം രൂപ. |
| ആകെ | 476 ലക്ഷം രൂപ |

(സി) ഉണ്ട്.

(ഡി) 1969 -ലെ കേരള സംസ്ഥാന സഹകരണ നിയമത്തിലെ 56-ാം വകുപ്പ് പ്രകാരം.

(ഇ) ഇല്ല.

(എഫ്&ജി) പൊതുനന്മ ഫണ്ടിൽ നിന്നും തുക നൽകുന്നത് സഹകരണ സംഘം നിയമത്തിലെയും അതാതു ബാങ്കുകളുടെ ബൈലായിലേയും വ്യവസ്ഥകൾ പ്രകാരമാണ്.

(എച്ച്) ഉണ്ട്.

(ഐ) ഇല്ല.

**പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിന് പഠനം**

14 (*344) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly